(ബി) പ്രസ്തുത പദ്ധതികൾ എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തു തുക സംസ്ഥാനത്തിന് ലഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ "ആക്സിലറേറ്റഡ് ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക്ക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ്" എന്ന പദ്ധതി പ്രകാരം 348.11 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രാനുമതിക്ക് വേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 14 ജില്ലകളിലായി 2700 വില്ലേജുകളിൽ 1,240,000 പുതിയ കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. †

(ബി) പ്രസ്തുത പദ്ധതിയുടെ അനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചുകഴിഞ്ഞാൽ രണ്ടു വർഷക്കാലം കൊണ്ട് ബന്ധപ്പെട്ട പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പദ്ധതിച്ചെലവായ 348.11 കോടി രൂപയും കേന്ദ്രത്തിൽ നിന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധനവ്

5 [323] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായി;

(ബി) അവശേഷിക്കുന്ന കാലയളവിൽ പുതുതായി എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 74.60 മെഗാവാട്ട്.

(ബി) 17.75 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ശബരിഗിരി പദ്ധതിയുടെ 5, 6 യൂണിറ്റുകളുടെ നവീകരണ പുനരുദ്ധാരണത്തിലൂടെ 15 മെഗാവാട്ടും, നേര്യമംഗലം പദ്ധതിയുടെ നവീകരണത്തിലൂടെ 3 മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധനവും ഉണ്ടാകും.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly